**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4559** **13-03-2023 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി നിയോജക മണ്ഡലത്തിലെ ആദിവാസി കോളനികളുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവമ്പാടി നിയോജക മണ്ഡലത്തിൽ പിന്നാക്കാവസ്ഥയിലുള്ള ആദിവാസി കോളനികളുടെ സമഗ്ര വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | തിരുവമ്പാടി നിയോജക മണ്ഡലത്തിലെ ചിപ്പിലിത്തോട് കോളനി, കരിമ്പിൽ കോളനി എന്നീ കോളനികളുടെ സമഗ്ര വികസനത്തിനായി 2021-22 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസി തയ്യാറാക്കിയ ഡി.പി.ആർ 28/02/2023ൽ ചേർന്ന ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ ബന്ധപ്പെട്ട എം.എൽ.എ മാരുടെ സാന്നിദ്ധ്യത്തിൽ അന്തിമ മാറ്റങ്ങൾ വരുത്തി 15/03/2023 ൽ ചേരുന്ന ജില്ലാ തല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ